"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2024 - വിവിധ വകുപ്പുകൾ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.627/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1123/2024/തസ്വഭവ തീയതി 25/06/2024
2. സ.ഉ.(സാധാ) നം. 277/2025/തസ്വഭവ തീയതി 29/01/2025
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/11/2024ലെ DCTVM/13780/2023-S9 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 1187/2025/ധന തീയതി 07/02/2025.

**ഉത്തരവ്**

2024 -ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരാമർശം (1) പ്രകാരം 2,50,15,942/- രൂപയുടെ ഭരണാനുമതി നൽകുകയും പരാമർശം (2) പ്രകാരം 1,51,86,329/- രൂപ അനുവദിച്ചു നൽകുയും ചെയ്തിരുന്നു. തുടർന്ന് 2024 -ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് വിവിധ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിച്ച പ്രവർത്തികൾക്ക് ചെലവായ തുകയായ 4,22,102/-അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 -ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് മേജർ ഇറിഗേഷൻ, ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസ്, തിരുവനന്തപുരം തുടങ്ങിയ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിച്ച പ്രവർത്തികൾക്ക് പരാമർശം (4) പ്രകാരം അധികധനാനുമതിയായി "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം - പ്ലാൻ" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 4,22,102/- (നാല് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒരുനൂറ്റി രണ്ട് രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിൽ തുകകളുടെ ഇനം തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ കണ്ടാലും.

| ക്രമ നം. | പ്രവർത്തിയുടെ പേരും വിവരവും | നിർവ്വഹണ ഏജൻസി | ബിൽ തുക |
|---|---|---|---|
| | കിള്ളിയാറിന്റെ തീരത്തുള്ള കുളി കടവുകൾ | | |

| | | | |
|---|---|---|---|
| 1. | വൃത്തിയാക്കൽ എസ്റ്റിമേറ്റ് തുക - 3,70,000/- | മേജർ ഇറിഗേഷൻ | 3,68,428/- |
| 2. | സ്റ്റേഷനറി ഐറ്റംസ് സപ്ലൈ ചെയ്ത വകയിൽ ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ, തിരുവനന്തപുരത്തിന് നൽകാനുള്ളത് | ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസ്, തിരുവനന്തപുരം | 53,674/- . |
| | | ആകെ | 4,22,102/- |

3) മേൽ പ്രകാരമുള്ള അധിക ധനാനുമതിയായി ലഭ്യമായ തുക ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ/എൽ.ബി.എ.), കേരള, തിരുവനന്തപുരം
ധനകാര്യ (വികസന) വകുപ്പ് (DEV-2/230/2024-FIN dated 14/02/2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി.(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/7/2024/LSGD-Part(1)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M.B
സെക്ഷൻ ഓഫീസർ
Date: 06-03-2025 17:00:47